# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

# ബുള്ളറ്റിൻ - ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2019 ജൂൺ 10, തിങ്കൾ

**നമ്പർ 165**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത് :

പതിനാലാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിൽ 31-1-2019-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1024-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിയ സ്റ്റേറ്റ്മെന്റും തിരുത്തിയ ഉത്തരവും തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണൻ മേശപ്പുറത്തുവച്ചു.

അംഗങ്ങളുടെ രാജി :

പതിനേഴാം ലോകസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടതിനെത്തുടർന്ന് വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ നിന്നുള്ള അംഗം ശ്രീ. കെ. മുരളീധരൻ, 2019 മെയ് 29-ാം തീയതി പ്രാബല്യത്തിലും എറണാകുളം നിയോജകമണ്ഡലത്തിൽ നിന്നുള്ള അംഗം ശ്രീ. ഹൈബി ഈഡൻ, അരൂർ നിയോജകമണ്ഡലത്തിൽ നിന്നുള്ള അംഗം ശ്രീ. എ. എം. ആരിഫ് എന്നിവർ 2019 മെയ് 31-ാം തീയതി പ്രാബല്യത്തിലും തങ്ങളുടെ നിയമസഭ അംഗത്വം രാജിവച്ച വിവരം സ്പീക്കർ സഭയെ അറിയിച്ചു.

അടിയന്തര പ്രമേയം (ചട്ടം 50) :

കാർഷിക കടങ്ങൾക്ക് പ്രഖ്യാപിച്ച മോറട്ടോറിയം നടപ്പാക്കാൻ കഴിയാത്തതുമൂലവും ബാങ്കുകൾ സർഫാസി നിയമം ഉപയോഗിച്ച് ജപ്തിനടപടികൾ ഊർജിതമാക്കുന്നതുമൂലവും കർഷക ആത്മഹത്യകൾ വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവെച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. ഐ. സി. ബാലകൃഷ്ണനും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. കൃഷിവകുപ്പ് മന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

KNPP. 645/2019 (i).

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ :

1. സംസ്ഥാനത്തെ ഡാമുകളിൽ അടിഞ്ഞ് കൂടിയിട്ടുള്ള ചെളിയും മണലും നീക്കം ചെയ്യുന്നതിനും ഇതിലൂടെ ലഭിക്കുന്ന മണൽ നിർമ്മാണ മേഖലയിൽ വിനിയോഗിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. പി. കെ. ശശി റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

2. മലപ്പുറം ജില്ലയിൽ ജനസംഖ്യാനുപാതികമായി ആരോഗ്യസ്ഥാപനങ്ങളും അനുബന്ധ സംവിധാനങ്ങളും ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ടി. വി. ഇബ്രാഹിം ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ :

ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ താഴെപ്പറയുന്നു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ.രമേശ് ചെന്നിത്തല | നിപ രോഗബാധിതരെ ചികിത്സിച്ച താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി, |
| 2 | ശ്രീ.എം. നൗഷാദ് | സുനാമി പുനരധിവാസ പദ്ധതി പ്രകാരം നിർമ്മിച്ച ഫ്ലാറ്റ് സമുച്ചയങ്ങളുടെ ശോചനീയാവസ്ഥ | മുഖ്യമന്ത്രി |
| 3 | ശ്രീ.മുരളി പെരുനെല്ലി | ടി.എൻ.ടി. ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി പൂട്ടിയത് | മുഖ്യമന്ത്രി |
| 4 | ശ്രീ.ജോൺ ഫെർണാണ്ടസ് | കായലിലും പുഴകളിലും അടിഞ്ഞിരിക്കുന്ന എക്കലും ചെളിയും നീക്കുന്നത് | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീമതി ഗീതാ ഗോപി | പൂത്തറക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രാവർത്തികമാക്കുന്നത് | ജലവിഭവ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | കുറ്റിപ്പുറം പഞ്ചായത്തിലെ കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 7 | ശ്രീ.രാജു എബ്രഹാം | കെ.എസ്.ആർ.ടി.സി. റാന്നി ഓപ്പറേറ്റിംഗ് സെന്ററിന്റെ പ്രവർത്തനം | ഗതാഗത വകുപ്പുമന്ത്രി |
| 8 | ശ്രീ.എൻ. ഷംസുദ്ദീൻ | സംസ്ഥാനത്ത് പബ്ലിക് ഹെൽത്ത് ആക്ടിന്റെ ആവശ്യകത | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |
| 9 | ശ്രീ.കെ. ജെ. മാക്സി | പാലാരിവട്ടം മേൽപ്പാലം നിർമ്മാണത്തിലെ ക്രമക്കേട് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീ.വി. പി. സജീന്ദ്രൻ | കോരങ്കടവ് പാലത്തിന് പുതുക്കിയ ഭരണാനുമതി നൽകുന്നത് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ പ്രസ്താവന :</u>

കേരള നിയമസഭ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ നിർദ്ദേശം നമ്പർ IA പ്രകാരം പ്രതിപക്ഷനേതാവ് ഉന്നയിച്ച കാര്യങ്ങൾ സംബന്ധിച്ച് ധനകാര്യവും കയറും വകുപ്പുമന്ത്രി പ്രസ്താവന നടത്തുകയും രേഖകൾ മേശപ്പുറത്തുവയ്ക്കുകയും ചെയ്തു.

<u>ധനകാര്യം :</u>

<u>2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ അനുവദിക്കണമെന്ന പ്രമേയം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മേശപ്പുറത്തു വച്ചു.

XII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 3, 4, 5, 6, 7, 8, 9, 10, 12, 14, 17, 22, 23, 24, 27, 28, 29, 31, 32, 36, 37, 38, 41 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XIII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 5, 11, 13, 15, 16, 17, 18, 21, 23 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XIV-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 4, 5, 6, 8, 9, 10, 11, 15, 16, 19, 22, 24, 26, 28, 29, 32, 33 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. എ. പ്രദീപ് കുമാർ

ശ്രീ. കെ. സി. ജോസഫ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. സി. കെ. നാണു

ശ്രീ. പി. സി. ജോർജ്

ശ്രീ. എൻ. വിജയൻപിള്ള

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. കെ. ബാബു

ശ്രീ. പി. ടി. എ. റഹീം

ശ്രീമതി യു. പ്രതിഭ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. എം. സ്വരാജ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മറുപടി പറഞ്ഞു. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ XII, XIII, XIV എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

2019 ജൂൺ 11-ാം തീയതി ചൊവ്വാഴ്ച രാവിലെ 9-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 4.21-ന് സഭ പിരിഞ്ഞു.

സി. ജോസ്,
*സെക്രട്ടറി-ഇൻ-ചാർജ്.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

Fifteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Monday,June 10, 2019*

**No. 165**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions* :

Three Questions in the list of Questions posted for the day were answered orally.

*Correction of answer to Unstarred Question* :

Corrected answer and Statement to Unstarred Question No.1024, dated 30-1-2019 of the Fourteenth Session of the Fourteenth Kerala Legislative Assembly was laid on the Table by Shri T. P. Ramakrishnan, Minister for Labour and Excise.

*Resignation of Members* :

The Speaker informed the House that Shri K. Muraleedharan, elected Member from Vattiyoorkavu Constituency,w.e.f. 29-5-2019 and Hibi Eden elected Member from Ernakulam Constituency, Shri A. M. Ariff elected Member from Aroor Constituency w.e.f 31-5-2019 had resigned their membership from Kerala Legislative Assembly.

*Adjournment Motion: (Rule 50)* :

After hearing the Minister for Agriculture, the Speaker withheld consent to the moving of an adjournment motion given notice of by Shri I. C. Balakrishnan and three other Members regarding the serious situation reported to have arisen, due to the alleged failure of non implementation of declared morotorium of agricultural loans and attachment procedures under SARFAESI Act initiated by Banks which leads to the increasing suicide of farmers.

KNPP. 645/2019 (ii).

In protest against the attitude of the Government in this matter the Members belonging to opposition staged a walkout.

*Calling Attention* :

1. Shri P. K. Sasi called the attention of the Minister for Revenue and Housing to the necessity to take steps to remove mud and sand sedimentsed in Dams in the state and to utilise the sand obtained in that way in the construction sector. The Minister made a statement thereto.

2. Shri T. V. Ibrahim called the attention of the Minister for Health, Social Justice and Woman and Child Development to the necessity to establish health institutions and allied facilities in Malappuram district according to the population norms. The Minister made a statement thereto.

*The Matters raised by Members under Rule 304* :

The Matters raised in the House by Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ.രമേശ് ചെന്നിത്തല | നിപ രോഗബാധിതരെ ചികിത്സിച്ച താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |
| 2 | ശ്രീ.എം. നൗഷാദ് | സുനാമി പുനരധിവാസ പദ്ധതി പ്രകാരം നിർമ്മിച്ച ഫ്ലാറ്റ് സമുച്ചയങ്ങളുടെ ശോചനീയാവസ്ഥ | മുഖ്യമന്ത്രി |
| 3 | ശ്രീ.മുരളി പെരുനെല്ലി | ടി.എൻ.ടി. ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി പൂട്ടിയത് | മുഖ്യമന്ത്രി |
| 4 | ശ്രീ.ജോൺ ഫെർണാണ്ടസ് | കായലിലും പുഴകളിലും അടിഞ്ഞിരിക്കുന്ന എക്കലും ചെളിയും നീക്കുന്നത് | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീമതി ഗീതാ ഗോപി | പൂത്തറക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രാവർത്തികമാക്കുന്നത് | ജലവിഭവ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | കുറ്റിപ്പുറം പഞ്ചായത്തിലെ കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 7 | ശ്രീ.രാജു എബ്രഹാം | കെ.എസ്.ആർ.ടി.സി. റാന്നി ഓപ്പറേറ്റിംഗ് സെന്ററിന്റെ പ്രവർത്തനം | ഗതാഗത വകുപ്പുമന്ത്രി |
| 8 | ശ്രീ.എൻ. ഷംസുദ്ദീൻ | സംസ്ഥാനത്ത്, പബ്ലിക് ഹെൽത്ത് ആക്ടിന്റെ ആവശ്യകത | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |
| 9 | ശ്രീ.കെ. ജെ.മാക്സി | പാലാരിവട്ടം മേൽപ്പാലം നിർമ്മാണത്തിലെ ക്രമക്കേട് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീ.വി. പി. സജീന്ദ്രൻ | കോരങ്കടവ് പാലത്തിന് പുതുക്കിയ ഭരണാനുമതി നൽകുന്നത് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

The Ministers concerned made statements on the respective Subjects.

*Statement by the Minister for Finance and Coir* :

DR. T. M. Thomas Isaac, the Minister for Finance and Coir made a statement under the Direction No.1A of the rules of Procedure and Conduct of Business in KLA regarding the points raised by the Leader of Opposition.

*Financial Business* :

Discussion and Voting on Demands for Grants in the Budget for the financial year 2019-2020.

Shri Pinarayi Vijayan, Chief Minister moved Demand No. XII - Police, Demand No. XIII - Jails and Demand No. XIV - Stationery and Printing and Other Administrative Services for the amounts shown against them under column no.5 in the list of Demands for Grants.

The Minister for Finance and Coir laid on the table statements under Rule 236(3) with regard to these Demands.

The cut motion nos. 1, 2, 3, 4, 5, 6, 7, 8, 9, 10, 12, 14, 17, 22, 23, 24, 27, 28, 29, 31, 32, 36, 37 and 41 in the list of cut motions for Demand No.XII, cut motion nos. 5, 11, 13, 15, 16, 17, 18, 21 and 23 in the list of cut motions for Demand No.XIII, cut motion nos. 1, 2, 4, 5, 6, 8, 9, 10, 11, 15, 16, 19, 22, 24, 26, 28, 29, 32 and 33 in the list of cut motions for Demand No.XIV were moved.

The following Members took part in the discussion.

Shri A. Pradeepkumar

Shri K. C. Joseph

Shri E. T. Taison Master

Shri N. Samsudheen

Shri C. K. Nanu

Shri P. C. George

Shri N. Vijayanpillai

Shri G. S. Jayalal

Shri Mons Joseph

Shri K. Babu

Shri P. T. A. Rahim

Smt. U. Prathibha

Shri N. A. Nellikkunnu

Shri M. Swaraj

Shri Thiruvanchoor Radhakrishnan.

Shri Pinarayi Vijayan, Chief Minister replied to the points raised during the discussion. The cut motions were declared lost. Then the Demand No. XII, XIII and XIV were put to vote and passed.

The House adjourned at 4.21 p.m. to meet again 9.00 a.m on Tuesday, June 11, 2019.

C. JOS,
*Secretary-in-Charge.*